ഉത്തരം

(എ) ജിഡ, ഫിഷറീസ് ഫണ്ടുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മാണം നടന്നുവരുന്ന എടവനക്കാട് ശുദ്ധജല വിതരണ പദ്ധതി 31-3-2015-ൽ പൂർത്തീകരിച്ച് പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) റോഡ് മുറിക്കുന്നതിനുള്ള പി.ഡബ്ല്യു.ഡി.-യുടെ അനുമതി വൈകിയതിനാലും ചെറായി ബണ്ട് റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കാത്തതിനാൽ തെക്കുവശത്തുള്ള പൊക്കാളി പാടത്തുകൂടി അലൈൻമെന്റ് മാറ്റി പൈപ്പ്‌ലൈൻ സ്ഥാപിക്കേണ്ടിവന്നതിനാലും പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു

**മാവേലിക്കര, കറത്തിക്കാട് കടിവെള്ള പദ്ധതി**

**187 (879)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ കറത്തിക്കാട് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ ; കറത്തിക്കാട് കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; നിലവിലെ അതിന്റെ തടസ്സം എന്താണെന്ന് വിശദമാക്കുമോ ; പദ്ധതി പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിയുടെ പ്രധാന തടസ്സം കല്ലുമല റെയിൽവേ ലെവൽ ക്രോസിലൂടെയുള്ള പൈപ്പിടൽ ജോലിയാണ്. ആയതിന് റെയിൽവേ അനുവാദം നേരത്തെതന്നെ നൽകിയിരുന്നതാണ്. എന്നാൽ ടി ലെവൽ ക്രോസിൽ റെയിൽവേ ഒരു സബ് വേ പണിയുവാൻ തീരുമാനിച്ചിരിക്കുന്നതിനാൽ മുൻപ് നൽകിയ അനുമതി താത്ക്കാലികമായി റദ്ദ് ചെയ്തിരിക്കുകയാണ്. സബ് വേ പണി തീരുവാൻ 2 വർഷം സമയം എടുക്കുമെന്നാണ് റെയിൽവേയിൽനിന്നും അറിയുവാൻ കഴിഞ്ഞത്. ആയതിനാൽ റദ്ദ് ചെയ്ത അനുമതി പുനഃപരിശോധിക്കാമെന്ന് റെയിൽവേയിൽനിന്നും അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ നിലവിലുള്ള റോ വാട്ടർ പമ്പ് ഹൗസ് കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിക്കുകയും റൂഫ് സ്ലാബ് ചോർന്നൊലിക്കുകയും കോൺക്രീറ്റ് പൊട്ടി ഇളകി വീഴുകയും ചെയ്യുന്ന നിലയിലാണ്. ആയതിനാൽ പമ്പ് ഹൗസ് പുനർനിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ അവസാന തീയതി 16-3-2015 ആണ്. ശുദ്ധീകരണശാലയുടെ ചുറ്റുമതിൽ പണിയുന്നതിന് 15 ലക്ഷം രൂപയുടെയും ജലശുദ്ധീകരണശാലയിൽ 130 എച്ച്.പി. ശേഷിയുള്ള രണ്ട് സെൻട്രിഫ്യൂഗൽ പമ്പ്സെറ്റിനുള്ള 21.20 ലക്ഷം രൂപയുടെയും ഒരു സബ് സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുവേണ്ടി 42 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ സർക്കിൾ ഓഫീസിൽ തയ്യാറാക്കിവരുന്നു. ടി പ്രവൃത്തികൾക്കുള്ള ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആറുമാസം കൊണ്ട് പണി പൂർത്തീകരിക്കാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

1. കറത്തിക്കാട് പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള ഭരണിക്കാവിനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല പദ്ധതിക്കായി അനുവദിച്ച തുക 1323.74 ലക്ഷം രൂപയാണ്.

2. നൂറനാടും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല പദ്ധതിക്ക് അനുവദിച്ച തുക 794.03 ലക്ഷം രൂപയാണ്.

## ആറ്റുപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജ്

**188 (880)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ ആറ്റുപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രവൃത്തി പുനരാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രവൃത്തി എന്ന് പുനരാരംഭിക്കുമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly